# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2272** | **09.03.2018**-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

**ചോദ്യം**

**ശ്രീ. യു. ആർ. പ്രദീപ് :**

(എ) 2017-18 ൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് സർക്കാർ വിഹിതമായി എത്ര കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് ;

(ബി) പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**

(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) 2017-18 സാമ്പത്തിക വർഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് ബഡ്ജറ്റ് വിഹിതമായി 14 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 1 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല. | NGO/CDS-3.50%,<br>SHGക്ക്-5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-2.50%, SHGക്ക്-4% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| | <u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

## മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ളീം, കൃസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%,<br>SHG-5% |

| | | |
|---|---|---|
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മട ങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |
| | **<u>പ്രത്യേക ആനുകൂല്യം</u>**<br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്).**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 6% |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 8% |
| 3. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 9% |
| 4. പ്രവർത്തന മൂലധന വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 8% |
| 5. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 9% |
| 6. വിദ്യാശ്രീ വായ്പ<br>**(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 6% |
| 7. കൺസ്യൂമർ ഡ്യൂറബിൾ വായ്പ<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 10% |
| 8. വാഹന വായ്പ<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 6 ലക്ഷം രൂപ | 9% |
| 9. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ)<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 10% |
| 10. വ്യക്തിഗത വായ്പ<br>**(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 11% |

| | | |
|---|---|---|
| 11. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 1 (1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50 % |
| 12. എന്റെ വീട് (ഭവന നിർമ്മാണ വായ്പ പദ്ധതി) - 2 (3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8.00 % |

സെക്ഷൻ ഓഫീസർ